# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 189 — 10.12.2012 ന് മറുപടിക്ക്

## നെല്ലിയാമ്പതി വനഭൂമി പ്രശ്നം

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

(എ) നെല്ലിയാമ്പതി വനഭൂമി പ്രശ്നത്തിൽ ഗവ. ചീഫ് വിപ്പ് ശ്രീ പി.സി.ജോർജ്ജ്, മുഖ്യമന്ത്രി, വനം വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, ആഭ്യന്തര വകുപ്പ് മന്ത്രി എന്നിവർക്ക് നൽകിയ നിവേദനങ്ങളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) വനം വകുപ്പിന്റെ പരിഗണനയ്ക്ക് ഇവ ഓരോന്നും വന്നത് ഏത് തീയതിയിലാണ് ; വനം വകുപ്പ് ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

**ഉത്തരം**

**ശ്രീ കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)**

(എ) & (ബി) നെല്ലിയാമ്പതി വനഭൂമി പ്രശ്നത്തിൽ ഗവ. ചീഫ് വിപ്പ് ശ്രീ പി. സി. ജോർജ്ജിൽ നിന്നും വനം വകുപ്പിൽ ലഭിച്ച നിവേദനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബഹു. ചീഫ് വിപ്പ് ശ്രീ പി.സി. ജോർജ്ജ് ബഹു. മുഖ്യമന്ത്രിയ്ക്ക് 24.01.2012 ൽ നൽകിയ നിവേദനം 08.02.2012 ൽ വനം വന്യജീവി വകുപ്പിൽ ലഭിച്ചിട്ടുണ്ട്.
2. ബഹു. ചീഫ് വിപ്പ് ശ്രീ പി.സി. ജോർജ്ജ്, യു.ഡി.എഫ് കൺവീനർക്ക് സമർപ്പിച്ചിട്ടുള്ള 17.01.2012 ലെ നിവേദനം ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന 18.05.2012 ൽ വനം വന്യ ജീവി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം 31.05.2012 ൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ കേസുകൾ നിലവിലുള്ളതിനാൽ മേൽ നിവേദനങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടി നിവേദനങ്ങളുടെ പകർപ്പ് അനുബന്ധം - I ഉം II ഉം ആയി ഉള്ളടക്കം ചെയ്യുന്നു.

.............2

3. ബഹു. ചീഫ് വിപ്പ് ശ്രീ പി.സി. ജോർജ്ജ്, ബഹു. വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ള 24.01.2012 ലെ നിവേദനം ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ് മുഖേന നെന്മാറ വനം ഡിവിഷനിൽ 12.03.2012 ന് ലഭിക്കുകയും, നിവേദനത്തിനുള്ള മറുപടി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് ജില്ലാ കളക്ടർക്ക് 18.05.2012 ന് സമർപ്പിച്ചിട്ടുള്ളതുമാണ്. (നിവേദനത്തിന്റെ പകർപ്പ് അനുബന്ധം. III ആയി ഉള്ളടക്കം ചെയ്യുന്നു).

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്